# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുത്തിഗെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/1000/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തിഗെ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി5/1000/2022 തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പുത്തിഗെ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ.എം.എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-09-2022 | 20-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2022 | 20-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക് , ഓഡിറ്റ് ഓഫീസർ
യാദവകുമാര.സി.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡി സുബ്ബണ്ണ ആൾവ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ ഹരീഷ് | സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീമതി. ബി രാജേശ്വരി | സെക്രട്ടറി | 12-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തോമസ് വി പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-07-2021 |
| അബ്ദുല്ല എസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |
| ശ്രീജിത്ത് എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 28-07-2021 | 27-11-2021 |
| സുനിത ടി വി | അസിസ്റ്റന്റ് എഞ്ചിനിയർ | 27-11-2021 | 31-03-2022 |
| നഫീസത്ത് ഹംഷീന ബി എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സുനിത പി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| സുമയ്യ എസ് വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 15-11-2021 |
| പ്രേമലത ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 28-12-2021 |
| സുമയ്യ എസ് വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-12-2021 | 31-03-2022 |
| ജോൺസൺ കെ വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ബേബി സബിത | പ്രധാനാധ്യാപിക | 01-04-2021 | 31-03-2022 |
| ഡോ. ജതിൻദാസ് രാജു | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. ഗോപാലകൃഷ്ണ സി.എച്ച് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ. സീതാരത്ത എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| അതുൽ ടി അഗസ്റ്റിന് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| അജയൻ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ജോയ് .പി.ഒ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 28-07-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | റീക്കൺസിലിയേഷൻ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-2-1 |
| 4 | ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്റ്റിനു വേണ്ടി ലഭിച്ച 100000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. | 1-2-2 |
| 5 | വിവിധ ഇനങ്ങളിൽ ലഭിച്ച തുകയുടെ നീക്കിയിരിപ്പിൽ അക്കൗണ്ടിലും ധനകാര്യ പത്രികയിലും ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്. | 1-2-3 |
| 6 | മറ്റ് ലൈബിലിറ്റി ഇനത്തിലെ തുകകൾ വർഷങ്ങളായി ബി - 9 ഷെഡ്യൂളിൽ നിലനിൽക്കുന്നു. | 1-2-4 |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല. | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല. | 1-10 |
| 16 | അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് സംബന്ധിച്ച അപാകതകൾ | 1-11 |
| 17 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു | 1-12 |
| 18 | കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവ് തുകയായ 999600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-13 |
| 19 | ലൈബ്രറി സെസ് തുക ഒടുക്കുവരുത്തിയിട്ടില്ല | 1-14 |
| 20 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-15 |
| 21 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 22 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-17 |
| 23 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. | 1-18 |
| 24 | വീട് വാസയോഗ്യമാക്കൽ (എസ്.ടി) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തത്- അപാകത | 1-19 |
| 25 | ലൈഫ് ഭവന പദ്ധതി-തുക അധികം നൽകിയത് | 1-20 |
| 26 | ചെറു മാലിന്യ ശേഖരണ കിയോസ്കുകൾ വാങ്ങൽ-അപാകത | 1-21 |
| 27 | കേരള സംസ്ഥാന സാക്ഷരതാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ | 1-22 |

| | | |
|---|---|---|
| | വിവരം ലഭ്യമല്ല | |
| 28 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ- മോണിറ്ററിംഗ് രേഖകൾ ഇല്ല | 1-23 |
| 29 | നെൽകൃഷി വികസന പദ്ധതി - ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ സൂക്ഷിക്കുന്നില്ല. | 1-24 |
| 30 | ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത്- അപാകത | 1-25 |
| 31 | പർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് വിനിയോഗം (Toilet Repair) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തത് -അപാകത | 1-26 |
| 32 | സാക്ഷരത പ്രേരകുമാർക്ക് അനുവദിച്ച ഹോണറേറിയം, തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 33 | സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-28 |
| 34 | ജലനിധി കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങി നൽകിയത് | 1-29 |
| 35 | വാർഡ്തല ശുചീകരണം - നിർവഹണത്തിലെ അപാകതകൾ | 1-30 |
| 36 | അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾക്ക് GST ഈടാക്കുന്നത് | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവന പദ്ധതി-തുക അധികം നൽകിയത് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി<br>തീരുമാനം, തിയതി | 1/1 Dt 20.02.2021 | 2/1 Dt 05.03.2022 |
| മുന്നിരിപ്പ് | 7188409 | 18627848 |
| വരവ് | 129639000 | 161936695 |
| ആകെ | 136827409 | 180564543 |
| ചെലവ് | 134728409 | 171758720 |
| നീക്കിയിരിപ്പ് | 2099000 | 8805823 |

### 1-2 വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

പുത്തിഗെ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

#### 1-2-1 റീക്കൺസിലിയേഷൻ പത്രിക, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ധനകാര്യ പത്രികപ്രകാരം എസ്.ബി.ഐ - ഒ.എ.പി- അക്കൗണ്ടിലെ (അക്കൗണ്ട് നമ്പർ 57053740510) നിക്കിയിരിപ്പ് 29489/- രൂപയാണ് എന്നാൽ ബാങ്കിൽ നിന്നും ഇ-മെയിൽ മുഖേന ലഭ്യമാക്കിയ മറുപടിയിൽ ഈ അക്കൗണ്ടിൽ ഇടപാടുകൾ യാതൊന്നും ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അക്കൗണ്ടുമായി ബന്ധപ്പെട്ട റീക്കൺസിലിയേഷൻ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/ 15.09.2022 ന് റീക്കൺസിലിയേഷൻ നടത്തിയിട്ടില്ലെന്നും ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

മേൽ അക്കൗണ്ടിന്റെ പൂർണമായ വിശദാംശവും ഉപയോഗശൂന്യമായ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശവും രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

#### 1-2-2 ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിനു വേണ്ടി ലഭിച്ച 100000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടിനു വേണ്ടി ലഭിച്ച തുകയുടെ നീക്കിയിരിപ്പിൽ 320700205 എന്ന ഹെഡിൽ ചുവടെ പറയും പ്രകാരം 100000/- രൂപ നിലനിൽക്കുന്നു.

| 2020-21 B 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 B 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 സാമ്പത്തിക വർഷം ക്രഡിറ്റ് ചെയ്ത തുക |
|---|---|---|
| 472500 | 572500 | 100000 |

2021-22 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 55 പ്രകാരം സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കായി ആകെ 11 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ പദ്ധതി വിഹിതമായി 844140/- രൂപയും തനത് ഫണ്ടിൽ നിന്ന് 155860/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 100000/- രൂപയും വകയിരുത്തിയിരുന്നു. ജില്ലാപഞ്ചായത്ത് വിഹിതത്തിനായി മെഡിക്കൽ ഓഫീസർ റിക്വസിഷൻ സമർപ്പിച്ചപ്പോൾ ജില്ലാപഞ്ചായത്ത് വിഹിതം നൽകുന്നതിനു പകരം തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ഗുണഭോക്താവിന് തുക കൈമാറി.ഈ വിവരം ബോധ്യപ്പെട്ടപ്പോൾ ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിന്റെ കാസറഗോഡ് സബ്ട്രഷറിയിലുള്ള 799013000000950 നമ്പർ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുണ്ട്. അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക റസീപ്റ്റ് ചെയ്യുമ്പോൾ ജോയിന്റ് വെഞ്ചർ പ്രോജക്ട് എന്ന ഹെഡിൽ വരവ് വച്ചതുകൊണ്ടാണ് ബി-4 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതിരുന്നതായി കാണുന്നത് എന്നാണ് ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/19.09.2022 ന് മറുപടി നൽകിയിട്ടുള്ളത്. ബി-4 ഷെഡ്യൂളിൽ നിന്നും ഈ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-2-3 വിവിധ ഇനങ്ങളിൽ ലഭിച്ച തുകയുടെ നീക്കിയിരിപ്പിൽ അക്കൗണ്ടിലും ധനകാര്യ പത്രികയിലും ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

വിവിധ ഇനങ്ങളിൽ ലഭിച്ച തുകയുടെ നീക്കിയിരിപ്പിൽ അക്കൗണ്ടിലും ധനകാര്യ പത്രികയിലും ചുവടെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ഇനം | ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17, ആർ.പി 40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | ഐ.ഡബ്ല്യൂ.ഡി.പി -ഹരിയാലി | 13995 | 14200 | 205 |
| 2 | എസ്.എസ്.എ | 15059 | 15280 | 221 |
| 3 | ലിറ്ററസി സ്കീം ഗ്രാന്റ് | 399599 | 426589 | 26990 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3(5)/13.09.2022 ന് മേൽ അക്കൗണ്ടുകളിൽ ലഭിച്ച പലിശ ഗ്രാന്റ് ഹെഡിൽ വരവുവയ്ക്കുന്നതിനു പകരം തനതു ഫണ്ടായി തന്നെ പരിഗണിച്ച് ഇന്ററസ്റ്റ് ഫ്രം ബാങ്ക് അക്കൗണ്ട് എന്ന ഹെഡിൽ വരവു വച്ചതുകൊണ്ടാണ് വ്യത്യാസം വന്നിട്ടുള്ളത് എന്നാണ് മറുപടി ലഭിച്ചത്.

2011 - ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 15 പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നോ സംസ്ഥാന സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ പ്രത്യേക ആവശ്യത്തിനായി ലഭിക്കുന്ന തുകകൾ ട്രഷറിയിലോ ബാങ്കിലോ അതിനായി നിർദ്ദേശിച്ചിട്ടുള്ള അക്കൗണ്ടുകളിൽ തന്നെ സൂക്ഷിക്കേണ്ടതും ലഭ്യമാകുന്ന എല്ലാ പണം വരവുകളും പണം നൽകലുകളും ലഭിക്കുന്ന സ്രോതസ്സിന് അനുസൃതമായി അക്കൗണ്ട് ചെയ്യേണ്ടതുമാണ്.ഗ്രാന്റ് ഇനത്തിലായി പ്രത്യക അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുകയ്ക്കുള്ള പലിശയും ഗ്രാന്റ് ഇനത്തിലെ വരവിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ക്രമീകരണം നടത്തേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 1-2-4 മറ്റ് ലൈബിലിറ്റി ഇനത്തിലെ തുകകൾ വർഷങ്ങളായി ബി - 9 ഷെഡ്യൂളിൽ നിലനിൽക്കുന്നു.

മറ്റ് ലൈബിലിറ്റി ഇനത്തിലെ തുകകൾ ചുവടെ പറയും പ്രകാരം വർഷങ്ങളായി ബി - 9 ഷെഡ്യൂളിൽ നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം (കോഡ്) | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|
| 1 | വാററ് (VAT) (350300103) | 7440 | 8886 | 8886 | 8886 | 8886 | 8886 | 8886 |
| 2 | റീഫണ്ട് - ആൺയൂട്ടിലൈസിഡ് ഗ്രാന്റ് (350300109) | 117750 | 117750 | 117750 | 129296 | 129296 | 129296 | 129296 |
| 3 | റീഫണ്ട് പേയബിൾ - ഗ്രാന്റ് & ഫണ്ട്സ് (350400501) | - | - | 12832 | 12832 | 12832 | 12832 | 12832 |
| 4 | അഡ്വാൻസ് കളക്ഷൻ റവന്യൂസ് - മറ്റ് ഫീസ് (350410399) | - | - | - | 1300 | 1300 | 1300 | 1300 |

മേൽ തുകകളിൽ സംബന്ധിച്ചുള്ള വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഗവൺമെന്റിലേക്ക് ഒടുക്കേണ്ടവ ഒടുക്കുവാനും ബാക്കി തുകകൾ തനത് ഫണ്ടിലേക്ക് വരവു വയ്ക്കാനുമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-2-5 നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ ചുവടെ പറയും പ്രകാരം വർഷങ്ങളായി ബി- 18 , ഷെഡ്യൂളിൽ ക്രമീകരിക്കാതെ നിലനിൽക്കുന്നു.

| 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|
| 40093 | 40093 | 40093 | 180093 (40093 + 140000) | 320093 (180093 + 140000) |

മേൽ തുകകൾ ഏതെല്ലാം ഇനത്തിനായി നൽകിയിട്ടുള്ളതാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുകയും തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുകയും അല്ലാത്തവ തിരികെ ഈടാക്കുകയും ചെയ്ത് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 1,71,92,672 |
| വരവ് | 70129613 |
| ആകെ | 87322285 |

| | |
|---|---|
| ചെലവ് | 68775259 |
| നീക്കിയിരിപ്പ് | 18547026 |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14521686 | 14521686 | 13330652 | 11,91,034 | 91.80 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4127947 | 4127947 | 4114137 | 13810 | 99.67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1808700 | 1808700 | 1585000 | 223700 | 87.63 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16536000 | 16536000 | 6281364 | 10254636 | 37.99 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5558325 | 5558325 | 2681535 | 2876790 | 48.24 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12468935 | 12468935 | 7105118 | 5363817 | 56.98 |
| ആകെ | 0 | 55021593 | 55021593 | 35097806 | 19923787 | 63.79 |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 2013933 ( ജനറൽ) , ₹ 88000 ( ടി.എസ്.പി) ₹ 117334 എസ്.സി.പി എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11316719 | 11316719 | 11316719 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4026137 | 4026137 | 4026137 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 1467666 | 1467666 | 1467666 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6281364 | 6281364 | 6281364 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2681535 | 2681535 | 2681535 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Basic Grant | 0 | 2695000 | 2695000 | 2388393 | 306607 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied Grant | 0 | 4042000 | 4042000 | 1469107 | 2572893 |
| വിവാഹധനസഹായം | 0 | 480000 | 480000 | 480000 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1009604 | 1303450 | 2313054 | 1999758 | 313296 |
| ടോട്ടൽ സാനിറ്റേഷൻ | 2492473 | 192032 | 2684505 | 1702232 | 982273 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 70623001 | 146 | 47773597 | 0 | 24 | 85.88 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2021-22വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 33 | 7437613 | 26 | 5715040 | 76.84 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 84 | 24309284 | 71 | 16431559 | 67.59 |
| 3 | കൃഷി ഓഫീസർ | 10 | 6295827 | 10 | 6187665 | 98 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 19289507 | 12 | 8432614 | 43.72 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 6209100 | 6 | 5160829 | 83.12 |
| 6 | വെറ്റിനറി സർജ്ജൻ | 3 | 1435459 | 3 | 1150982 | 80 |
| 8 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 4 | 1735206 | 4 | 1502138 | 86.57 |
| 9 | പ്രധാനാധ്യാപകൻ | 6 | 953140 | 6 | 900733 | 94.5 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 1657865 | 5 | 1238469 | 74.70 |
| 11 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 400000 | 1 | 400000 | 100 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 200000 | 1 | 53568 | 26.78 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 700000 | 1 | 600000 | 85.71 |
| | ആകെ | 170 | 70623001 | 146 | 47773597 | 67.65 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 165940 | 546617 | 712557 | 711271 | 1286 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 28259872 | 28259872 | 28259872 | 0 |
| ആകെ | 165940 | 28806489 | 28972429 | 28971143 | 1286 |

അഡ്ബിൻ ഫണ്ടിൽ നിന്നും 229516/- രൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷനിലെക്ക് തിരികെ ഒടുക്കിയിട്ടുണ്ട്.

ക്യാഷ് ബുക്ക് പ്രകാരം മുന്നിരിപ്പ് 165940/- രൂപയാണ് എന്നാൽ ധനകാര്യപത്രികയിൽ ചെക്ക് ഇഷ്യു ചെയ്തിട്ടും ബാങ്കിൽ നിന്നും പിൻവലിക്കാത്ത 1402981/- രൂപയും ചേർത്ത് 1568921/- രൂപയാണ് മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. 1402981/- രൂപ 2/04/2021 ൽ ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 554 (തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 244018050 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 28489537 രൂപയുടെ 320 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 87927 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 321 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1935600 | 131 |
| വിധവാപെൻഷൻ | 13888000 | 920 |
| വാർദ്ധക്യകാലപെൻഷൻ | 20141800 | 1459 |
| വികലാംഗപെൻഷൻ | 4432000 | 294 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 248000 | 18 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-09-2022 തീയ്യതിയിൽ 3.00 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 13961/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ജോലി വിഭജനം

ജീവനക്കാരുടെ ജോലി വിഭജനം കാലാകാലങ്ങളിൽ ഓഫീസ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ വർഷങ്ങളായി ക്രമീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക നൽകിയിട്ടുള്ള അഡ്വാൻസ് തുകകൾ വർഷങ്ങളായി ബി- 18 , ഷെഡ്യൂളിൽ ക്രമീകരിക്കാതെ നിലനിൽക്കുന്നു. തുകകൾ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുകയും അല്ലാത്തവ തിരികെ ഈടാക്കുകയും ചെയ്യേണ്ടതാണ്.

മറ്റ് ലൈബിലിറ്റി ഇനത്തിലെ തുകകൾ വർഷങ്ങളായി ബി - 9 ഷെഡ്യൂളിൽ നിലനിൽക്കുന്നു.

മറ്റ് ലൈബിലിറ്റി ഇനത്തിലെ തുകകൾ വർഷങ്ങളായി ബി - 9 ഷെഡ്യൂളിൽ നിലനിൽക്കുന്നു.

ഗവൺമെന്റിലേക്ക് ഒടുക്കേണ്ടവ ഒടുക്കുവാനും ബാക്കി തുകകൾ തനത് ഫണ്ടിലേക്ക് വരവ് വയ്ക്കാനുമുള്ള നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

വിവിധ ഇനങ്ങളിൽ ലഭിച്ച തുകയുടെ നീക്കിയിരിപ്പിൽ അക്കൗണ്ടിലും ധനകാര്യ പത്രികയിലും വ്യത്യാസമുണ്ട്.

അക്കൗണ്ടുകളിൽ ലഭിച്ച പലിശ ഗ്രാന്റ് ഹെഡിൽ വരവുവയ്ക്കുന്നതിനു പകരം തനതു ഫണ്ടായി തന്നെ പരിഗണിച്ച് ഇന്ററസ്റ്റ് ഫ്രം ബാങ്ക് അക്കൗണ്ട് എന്ന ഹെഡിൽ വരവു വച്ചതുകൊണ്ടാണ് വ്യത്യാസം വന്നിട്ടുള്ളത്. ഗ്രാന്റ് ഇനത്തിലായി പ്രത്യക അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുകയുള്ള പലിശയും ഗ്രാന്റ് ഇനത്തിലെ വരവിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ക്രമീകരണം നടത്തേണ്ടതും തുടർ വർഷങ്ങളിൽ ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല.

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 5/4/2017 | 11708100013 | 8/738 | 102 |
| 2 | 17/4/2017 | 11708100088 | 6/261A | 1890 |
| 3 | 26/5/2017 | 11708100446 | 8/345 | 1132 |
| 4 | 30/10/2017 | 11708101764 | 5/457 | 181 |
| 5 | 6/11/2017 | 11708101809 | 7/418 | 55 |
| 6 | 15/2/2018 | 11708103379 | 5/325 | 340 |
| 7 | 14/5/2018 | 118080100541 | 2/29 | 192 |
| 8 | 19/6/2018 | 118080100965 | 1/91 | 22 |
| 9 | 28/6/2018 | 118080101058 | 8/21B | 297 |
| 10 | 31/8/2018 | 118080101530 | 13/240 | 276 |
| 11 | 7/2/2019 | 118080103238 | 8/250B | 268 |
| 12 | 16/4/2019 | 119080100136 | 7/175 | 138 |
| 13 | 26/6/2019 | 119080101069 | 14/60B | 671 |
| 14 | 4/9/2019 | 119080101663 | 6/282E | 69 |
| 15 | 10/1/2020 | 119080102815 | 5/345A | 361 |

| | | | | |
|---|---|---|---|---|
| 16 | 22/2/2020 | 119080103507 | 11/175 | 709 |
| 17 | 14/1/2021 | 120090102572 | 5/152C | 204 |
| 18 | 27/7/2021 | 121090100605 | 3/236 | 56 |
| ആകെ തുക | | | | 6963 |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/15.09.2022 ന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 3,7,9,13 ഒഴികെയുള്ള രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ക്രമ നമ്പർ 3,7,9,13 ൽ പരാമർശിച്ചിട്ടുള്ള രസീതുകൾ സാങ്കേതിക തടസ്സം മൂലം ഒഴിവാക്കാൻ സാധിക്കുന്നില്ലായെന്നും ആയത് പരിഹരിക്കുന്നതിന് 261013, 19/09/2022 പ്രകാരം സൂചിക വഴി പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആയത് പരിഹരിച്ചയുടൻ ടി രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

മേൽ പ്രകാരമുള്ള 4രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയത് സംബന്ധിച്ച അപാകതകൾ

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 10/124, 10/124A | രാധ, പെർനെ ഹൗസ്, കണ്ണൂർ |
| 2 | 2/140, 2/140A | സി.എ.അബ്ദുള്ള, ചല്ലംഗയം, ധർമ്മത്തടുക്ക |

2) ചുവടെ പറയുന്ന 60m2 മുകളിലുള്ള കെട്ടിടത്തിന് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം | വിസ്തീർണ്ണം |
|---|---|---|
| 11/298A | പി.സബാസ്റ്റ്യൻ, മുകാരിക്കണ്ടെ ഹൗസ്, എടനാട് | 120 |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/16.09.2022 ന് 10/124, 11/298 എ നമ്പർ കെട്ടിടങ്ങൾ നിലവിൽ പൊളിച്ചുമാറ്റിയിട്ടുള്ളതിനാൽ ആയത് അസസ്മെന്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും 2/140 A നമ്പർ കെട്ടിടം COW SHED ആണെന്നും മറുപടി ലഭിച്ചു. എന്നാൽ 2/140 A നമ്പർ കെട്ടിടം മേൽതരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയവസ്തുക്കൾ കൊണ്ടുള്ള തറ നിർമ്മിതിയാണെന്നും കോൺക്രീറ്റ് മേൽക്കൂരയാണെന്നും ഫോറം 6 ൽ

രേഖപ്പെടുത്തിയിരിക്കുന്നു.

2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 24 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും ആ കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെ അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തുനികുതി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

മേൽ കെട്ടിടങ്ങൾ പരിശോധന നടത്തി വിശദാംശം ലഭ്യമാക്കേണ്ടതും തുടർനടപടി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു

2021, 2022 (ഓഗസ്റ്റ് വരെ) വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു സ.ഉ. (എം എസ്)483/17/ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | കുഞ്ഞഹമ്മദ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 792550970799 | 111810200416 | 23/01/2022 | 2/2022 | 1600 |
| 2 | അച്ചുത (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 230401388130 | 111810201757 | 18/12/2021 | 1/22- 4/22 (1600 X 4) | 6400 |
| 3 | മുഹമ്മദ് കുഞ്ഞി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 236054317965 | 111810201724 | 15/02/2022 | 3/22 – 4/22 (1600 X 2) | 3200 |
| 4 | ലക്ഷ്മി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല | 989085539066 | 111810200375 | 13/03/2022 | 4/22 | 1600 |

| | | | | | | |
|---|---|---|---|---|---|---|
| | പെൻഷൻ) | | | | | |
| 5 | കുഞ്ഞണ്ണനായ്ക്ക് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 398030543004 | 111810200111 | 6/12/2021 | 1/22- 2/22 (1600 X 2) | 3200 |
| 6 | സുലോചന (കർഷക തൊഴിലാളി പെൻഷൻ) | 711573369417 | 111810100568 | 21/11/2021 | 12/21 – 2/22 (1600 X 3) | 4800 |
| 7 | നഫീസ (വിധവ പെൻഷൻ) | 269836493068 | 111810600179 | 25/7/2021 | 8/21 – 2/22 (1600 X 7) | 11200 |
| 8 | സീദികുഞ്ഞി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 206960192522 | 111810200178 | 27/04/2021 | 5/21 – 12/21 (1600 X 8) | 12800 |
| 9 | നഫീസ (വിധവ പെൻഷൻ) | 557446060174 | 111810600642 | 29/08/2021 | 9/21 – 2/22 (1600 X 6) | 9600 |
| 10 | സാബാഹ് (ഡിസബിലിറ്റി പെൻഷൻ) | 979599578927 | 111810400370) | 15/07/2021 | 8/21 – 2/22 (1600 X 7) | 11200 |
| 11 | ലളിത (വിധവ പെൻഷൻ) | 651513361546 | 111810601018 | 29/07/2021 | 8/21 – 2/22 (1600 X 7) | 11200 |
| 12 | യമുന (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 360538018894 | 111810200244 | 2/07/2021 | 8/21 – 2/22 (1600 X 7) | 11200 |
| 13 | വാമനനായ്ക്ക് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 932404264099 | 111810200724 | 5/06/2021 | 7/21 – 8/21 (600 X 2) | 1200 |
| 14 | അബ്ദുൾ ഗഫൂർ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 869384874216 | 111810200599 | 9/05/2021 | 6/21 – 10/21 (1600 X 5) | 8000 |
| ആകെ | | | | | | 97200 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.8/16.09.2022) ക്രമ നമ്പർ 2, 3, 6, 7, 8, 10, 12 എന്നിവയിൽ ഉൾപ്പെട്ട തുകകൾ ഒടുക്കിയിട്ടുണ്ടെന്നും മറ്റുള്ളവ ഒടുക്കുവരുത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 97200/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവ് തുകയായ 999600/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 191/22 - കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം സ്ഥാപിക്കൽ |
| അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) - 1276960/- |
| ചെലവ് - 999600/- | (see table below) |

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 21200252012401050834 | 3/2/2022 | 174600 |
| 21200252012401098899 | 10/2/2022 | 267000 |
| 21200252012401179209 | 22/2/2022 | 168000 |
| 21200252012401416473 | 22/3/2022 | 282000 |
| 21200252012401411697 | 22/3/2022 | 108000 |
| ആകെ | | 999600 |

| | |
|---|---|
| നിർവ്വഹണ ഉദ്യാഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള 137 കുടുംബശ്രീ യൂണിറ്റുകളിലെ 2129 അംഗങ്ങൾക്ക് 5 വീതം ആകെ 10,645 മുട്ടകോഴികളെ വിതരണം ചെയ്യുന്നതിനുള്ളതാണ് പ്രസ്തുത പദ്ധതി. മേൽ പദ്ധതിക്കായി കെ.കെ. എഗ്ഗർ നഴ്സറിയിൽ നിന്നും 8330 മുട്ടക്കോഴികളെ വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും യൂണിറ്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിലാണ് വിതരണം ചെയ്തിരിക്കുന്നത്. ആയതിനാൽ യൂണിറ്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണോ വിതരണം ചെയ്തതെന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

2) ലഭ്യമാക്കിയ ലിസ്റ്റ് പൂർണ്ണമായും സി.ഡി.എസ് കുടുംബശ്രീ ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കുടുംബശ്രീയുടെ പേര് |
|---|---|
| 14 | ഒരുമയുടെ വിജയരഥ |
| 13 | സഭ- I |
| 13 | ശ്രീ ശക്തി, കലാനഗർ |
| 13 | നവോദയ |
| 13 | ശ്രീ നിധി കുടുംബശ്രീ |
| 11 | ശ്രീ നാദാ കുടുംബശ്രീ |
| 11 | നവ ജ്യോതി കുടുംബശ്രീ |
| 11 | ശ്രീ നന്ദ |
| 10 | ജ്യോതി കൃപ കുടുംബശ്രീ |
| 10 | നന്ദാ ദീപ കുടുംബശ്രീ |
| 10 | ശ്രീ കൃഷ്ണ കുടുംബശ്രീ |
| 10 | നവ ജ്യോതി കുടുംബശ്രീ |
| 9 | ശ്രീ ആദി ശക്തി കുടുംബശ്രീ |
| 8 | ശ്രീ ലക്ഷ്മി കുടുംബശ്രീ |
| 5 | സൗഭാഗ്യ കുടുംബശ്രീ |
| 5 | മാലറയ കുടുംബശ്രീ |

| | |
|---|---|
| 5 | നാഗബ്രഹ്മ കുടുംബശ്രീ |
| 5 | സുബ്രമണ്യ കുടുംബശ്രീ |
| 3 | ആവണ്യക കുടുംബശ്രീ |
| 3 | നന്ദിനി കുടുംബശ്രീ |
| 3 | ശ്രീ ഗൗരി കുടുംബശ്രീ |
| 3 | ശ്രീ ദുർഗ്ഗ കുടുംബശ്രീ |
| 3 | ഭാഗ്യ ശ്രീ കുടുംബശ്രീ |

3) വാർഡ് 6 ൽ ലഭ്യമാക്കിയിട്ടുള്ള 41 പേരുടെ പട്ടികയിൽ ബന്ധപ്പെട്ട കുടുംബശ്രീ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റിൽ പലതിലും കുടുംബശ്രീ ഏതെന്നുള്ളത് വ്യക്തമല്ല. പേരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

5) മുട്ടക്കോഴികളെ വിതരണം ചെയ്തതിന്റെ എണ്ണം പൊരുത്തപ്പെടുന്നില്ല.

| വാർഡ് നമ്പർ | കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 1 | 103 |
| 2 | 60 |
| 3 | 132 |
| 4 | 136 |
| 5 | 106 |
| 6 | 36 |
| 7 | 148 |
| 8 | 195 |
| 9 | 108 |
| 10 | 105 |
| 11 | 237 |
| 12 | 88 |
| 13 | 50 |
| 14 | 148 |
| ആകെ എണ്ണം | 1652 |

8330 മുട്ടക്കോഴികളെ 5 എണ്ണം വീതം ആകെ 1666 പേർക്കാണ് നൽകേണ്ടിയിരുന്നത് എന്നാൽ മേൽ പ്രകാരം ആകെ 1652 പേർക്കാണ് നൽകിയിട്ടുള്ളത്.

6) മുട്ടക്കോഴികളെ വിതരണം ചെയ്തതിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ കുടുംബശ്രീ നൽകിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് |
|---|---|---|
| 1 | 10 | ഭവ്യ W/o ഹരിപ്രസാദ് സൂര്യാമ്പ |
| 2 | 14 | താഹിറ W/O ഉമ്മർഫറൂക്ക്.പി.എം, പുതിയങ്ങാടി, അങ്ങാടിമുഗർ |

7) ആകെ ഗുണഭോക്താക്കളുടെ എണ്ണം, മുട്ടക്കോഴി വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം എന്നിവ കുടുംബശ്രീകളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടില്ല.

8) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/ 19.09.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 9,99,600/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയും, പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 ലൈബ്രറി സെസ് തുക ഒടുക്കുവരുത്തിയിട്ടില്ല

ലൈബ്രറി സെസിനത്തിൽ 2021-22 സാമ്പത്തിക വർഷം പഞ്ചായത്തിനു ലഭിച്ച തുകയും മുൻവർഷം ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന തുകയും ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സാമ്പത്തിക വർഷം ആരംഭത്തിൽ ഒടുക്കുവാനുള്ള തുക -2020-21 (B9ഷെഡ്യൂൾ പ്രകാരം ) | 2021-22 RP 36 ഷെഡ്യൂൾ പ്രകാരം തൻ വർഷ വരവ് |
|---|---|---|
| 2021-22 | 153482 | 159544 |

കേരള പബ്ലിക്ക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്.

The Kerala Decentralisation Of Powers Act, 2000 (A Ct 16 Of 2000) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2 % പിഴ ഒടുക്കേണ്ടതാണ്. സെക്രട്ടറിയും ചെയർപേഴ്സനും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതാണ്.

സർക്കുലർ നം 17263/L3/തസ്വഭവ തീയതി 29/12/2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ലൈബ്രറിസെസ് ഒടുക്കുവരുത്തുവാൻ കാലതാമസം ഉണ്ടാകുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-15 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3

എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.റേഷൻ കടകളെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ലൈസൻസ് ഫീസ് ഈടാക്കാത്തത് പഞ്ചായത്തിന്റെ വരുമാനത്തിലുള്ള കുറവിന് കാരണമാകുന്നു. ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
വിശദ വിവരം താഴെ ചേർക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ :9/2021-22തിയ്യതി:17.09.2022 )

പഞ്ചായത്തിലെ റേഷൻ കടകൾ

| ക്രമ നമ്പർ | A.R.D. NO | റേഷൻ ഷോപ്പ് സ്ഥിതി ചെയ്യുന്ന സ്ഥലം | ബന്ധപ്പെട്ട വ്യക്തികൾ |
|---|---|---|---|
| 1 | 47 | ധർമ്മത്തടുക്ക | ശങ്കർ റാവു |
| 2 | 48 | ബഡൂർ | ഇബ്രാഹിം പി.ബി. |
| | | ബഡൂർ | ഫാത്തിമത് അഫ്ലാസ് |
| 3 | 49 | ബഡൂർ | അബ്ബാസ് .പി.ബി. |
| 4 | 50 | പുത്തിഗെ | മുഹമ്മദ് കുഞ്ഞി.എം |
| | | പുത്തിഗെ | ജയറാമ ഷെട്ടി |
| 5 | 53 | സൂരംബയൽ | അക്കാമ |
| 6 | 54 | സീതാംഗോളി | വിശ്വനാഥ.ജി. |

മേൽ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പുത്തിഗെ ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

1) റേഷൻ കടകൾ 2021-22 (ഒന്നും രണ്ടും അർധ വർഷം)

| ക്രമ നമ്പർ | A.R.D. NO | റേഷൻ ഷോപ്പ് സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|

| | | |
|---|---|---|
| 1 | 47 | ധർമ്മത്തടുക്ക |
| 2 | 48 | ബഡൂർ |
| | | ബഡൂർ |
| 3 | 49 | ബഡൂർ |
| 4 | 50 | പുത്തിഗെ |
| | | പുത്തിഗെ |
| 5 | 53 | സൂരംബയൽ |
| 6 | 54 | സീതാംഗോളി |

മേൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(2)ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ ( ഒന്നും രണ്ടും അർധ വർഷം)

(1)ക്ഷീരോൽപാദക സഹകരണ സംഘം -എടനാട്

(2)ക്ഷീരോൽപാദക സഹകരണ സംഘം -മുണ്ട്യത്തടുക്ക

മേൽ ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :9/2021-22തിയ്യതി:17.09.2022 )

1-17 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് ഭവന പദ്ധതിയിൽ വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാലൻസ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കീർത്തികുമാരി (SCP) | 3,75,753 | 24247 | മേൽക്കൂര |
| 2 | രാമകൃഷ്ണൻ (SCP) | 195800 | 204200 | മേൽക്കൂര |
| 3 | സംജീവ (SCP) | 40000 | 360000 | തറ |
| 4 | രേഖ (SCP) | 40000 | 360000 | തറ |
| 5 | ശ്രീദേവി (SCP) | 40000 | 360000 | തറ |
| 6 | ദിവ്യ എസ് (ജനറൽ) | 230000 | 170000 | ഭിത്തി |
| 7 | രാമകൃഷ്ണ (ജനറൽ) | 195800 | 204200 | ഭിത്തി |
| 8 | സുശീല (ജനറൽ) | 190000 | 210000 | ഭിത്തി |
| 9 | ചന്ദ്രൻ ((ജനറൽ) | 200000 | 200000 | ഭിത്തി |

| | | | | |
|---|---|---|---|---|
| 10 | നാരായണി കെ (ജനറൽ) | 278234 | 121766 | ഭിത്തി |

ഭവന നിർമാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. ഗുണഭോക്താകളുടെ അപേക്ഷകളിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.10/19.09.2022)

1-18 പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല.

2021-22 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1,92,89,507/- രൂപ വകയിരുത്തിയതിൽ 84,32,614/- രൂപയുടെ വിവിധ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ഭരണ സമിതിയുടെ തീരുമാനങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയ രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം 11/19.09.2022)

1-19 വീട് വാസയോഗ്യമാക്കൽ (എസ്.ടി) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തത്- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നമ്പർ.48/2021-22- വീട് വാസയോഗ്യമാക്കൽ (എസ്.ടി), യൂണിറ്റ് കോസ്റ്റ് ₹1,50,000/

പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 5 ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി ആദ്യ ഗഡുവായി 75,000/-രൂപ താഴെപറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഈ ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ കാണുന്നു. പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബാലൻസ് തുക | കൈപ്പറ്റിയ ബിൽ നമ്പർ/ തിയതി |
